**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1037** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നാട്ടിലിറങ്ങുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് കൂടുതൽ ആയുധങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ദ്രുതകർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ), 5000 തിരകൾ, 15 ട്രാൻക്വിലൈസറുകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | വനാതിർത്തികളിൽ നിരീക്ഷണം ശക്തമാക്കുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നു.ഏറ്റവും, കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനായി മിഷൻ Real Time Monitoring എന്ന തീവ്രയജ്ഞ പരിപാടി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ രൂപപ്പെടുത്തി നടപ്പിലാക്കിവരുന്ന 10 മിഷനുകളിൽ ഒന്നാണ്. MSTRIPES മോണിറ്ററിംഗ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകളും ഡ്രോണുകളും ഉപയോഗിച്ചുള്ള നിരീക്ഷണം, AI സ്മാർട്ട് ഫെൻസിംഗ് സിസ്റ്റം, SARPA ആപ്പ് തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഇതിനായി വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നു. കൂടാതെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ ഉൾപ്പെടെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ, SMS അലെർട്ട് സിസ്റ്റം, പൊതുജന പങ്കാളിത്തത്തോടെയുള്ള വാട്ട്സാപ്പ് കൂട്ടായ്മകൾ എന്നിവയും നിലവിലുണ്ട്. വന്യമൃഗ സാന്നിദ്ധ്യത്തെക്കുറിച്ച് നിരന്തരം നിരീക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ |

| | | | |
|---|---|---|---|
| | | | സെൻ്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഈ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ദുരന്തനിവാരണ വകുപ്പിന്റെ ജില്ലാ/സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററുകളുമായി ചേർന്ന് മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി പ്രവർത്തിക്കുന്നതാണ്. |
| (സി) | ജനവാസ മേഖലയിൽ വന്യജീവികൾ പ്രവേശിക്കുന്നത് തടയുന്നതിനായി വനത്തിൽ തന്നെ വെള്ളവും ഭക്ഷണവും ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ 10 മിഷനുകൾ വിഭാവന ചെയ്ത് നടപ്പിലാക്കി വരുന്നു. ഈ തീവ്രയജ്ഞ പദ്ധതികളിൽ മിഷൻ ഫുഡ്, ഫോഡർ, വാട്ടർ എന്നത് വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റു ജലസംഭരണികളിലും ജലസംഭരണശേഷി വർദ്ധിപ്പിച്ച് വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കിയും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി യാണിത്. കൺട്രോൾ ബേണിംഗ് (control burning) നടത്തി പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ യജ്ഞം ഊന്നൽ നൽകുന്നുണ്ട്.<br>ഈ പദ്ധതിയുടെ ഭാഗമായി നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാനും പദ്ധതി വ്യാപിപ്പിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (ഡി) | മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പ്രവർത്തനങ്ങളിൽ സാധ്യമാകുന്നിടത്തോളം പൊതുജന പങ്കാളിത്തവും സന്നദ്ധസേവനവും ലഭ്യമാക്കിവരുന്നു. ആവാസ വ്യവസ്ഥാ പരിപോഷണത്തിനും വന്യജീവി സംരക്ഷണത്തിനും മനുഷ്യ-വന്യജീവി സംഘർഷ നിവാരണത്തിനും, ഈ പദ്ധതി പ്രയോജനപ്പെടും എന്നതിനാൽ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന വനമേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകി തുടരുന്നതുമാണ്. ഈ പദ്ധതിയിലേക്കായി മറ്റു വകുപ്പുകളുടെ സേവനം ആവശ്യമാണെന്ന് കാണുന്ന പക്ഷം അവരുടെ സഹകരണം തേടുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| സീഡ് ബാൾ വ്യാപനം | – | 5,06,487 എണ്ണം |
| വിസ്റ്റ ക്ലിയറൻസ് | – | 620.722 ഹെക്ടർ |
| തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനം | – | 263.15 ഹെക്ടർ |
| വയലുകളുടെ പുനഃസ്ഥാപനം | – | 572.72 ഹെക്ടർ |
| പുൽമേട്ടുകളുടെ പുനഃസ്ഥാപനം | – | 1704.85 ഹെക്ടർ |
| സ്വാഭാവിക കുളങ്ങളുടെ പരിപാലനം | – | 111 എണ്ണം |
| കൃത്രിമ കുളങ്ങളുടെ നിർമ്മാണം | – | 55 എണ്ണം |
| കൃത്രിമ കുളങ്ങളുടെ പരിപാലനം | – | 112 എണ്ണം |
| കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ നിർമ്മാണം | – | 2 എണ്ണം |
| കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ പരിപാലനം | – | 113 എണ്ണം |
| കൽത്തടയണകളുടെ നിർമ്മാണം | – | 21 എണ്ണം |
| മൺത്തടയണകളുടെ നിർമ്മാണം | – | 15 എണ്ണം |
| ബ്രഷ് വുഡ് ചെക്ക് ഡാമുകളുടെ നിർമ്മാണം | – | 646 എണ്ണം |
| നീരുറവകളുടെ പരിപാലനം | – | 226 എണ്ണം |